100

രീതി: വാഴ്ത്തുമെന്നും പര

യേശുദേവാ! യേശു നായകാ! ശ്രീയേശുനാഥാ!
യേശുദേവാ! വാഴ്ക നായകാ!

1 ദാസരിന്നഴലൊഴിച്ചുള്ളിൽ ആനന്ദമേകും
യേശുവേ കൃപയിന്നഴകേ!
നാശലോകത്തിൽ മനുഷ്യനായുദിച്ചു മെയ് വെളിച്ചം
വീശുമതി ശോഭയുള്ളോരു വെളിച്ചത്തിന്നീശനേ
യേശുനായകനേ!

2 ആയിരമായിരം വാനവർ വണങ്ങും
പതിനായിരം പേരിലുത്തമനേ!
കായമെടുത്താദിപാപമേറ്റതിനെ മാറ്റുവാനായ്
മായമറ്റുള്ളോരു കുഞ്ഞാടായ്
മന്നിൽ വന്നവാനവനേ! യേശുനാഥനേ!

3 ഉലകിലുള്ള പിഴകളെയെല്ലാം ചുമന്നെടുത്തു
കളവതിന്നു ഗതശമേനെന്ന
തലമതിൽപോയ്ക്കഠിനമുൾപ്പാടനുഭവിച്ചു പരിതപിച്ചി-
ട്ടുടൽ വിയർത്തു തിരുശരീരത്തിൽ
നിന്നു ചൊരിഞ്ഞുരുധിരമിപ്പാപിയെക്കനിഞ്ഞു-

4 ഇരുളമർന്നു പരജനം വന്നു നിന്നെപ്പിടിപ്പാ-
നരികിലണയുമളവിലൊരുവന്റെ
ചെവിയറുത്തുത്ധടിതിപേത്രനവനു തൃക്കൈ സുഖമതേകി
കഠിനകയ്യർകൈകളിലയ്യോ നിന്നെ നീ വിറ്റു
കഠിനനാമെന്നിൽ കനിവറ്റു

5 കൊലവിധിച്ചു തലവരേൽപ്പിച്ചു നിന്നെപ്പിലാതൻ
വിലമതിച്ചു കുരിശിനേൽപ്പിച്ചു
പലവിധപാടേറ്റ പിൻപുകുരിശിലെച്ചാവനുഭവിച്ചു
പുതുശവക്കല്ലറയിലടക്കി പാതാളത്തി-
ലെത്തി മൂന്നാം നാളിലുയിർത്തു-

6 ഗലീലയാവിൻ കടലിലെക്കരയിൽ ശിഷ്യർക്കു മൂന്നാം
തവണ നീ പ്രത്യക്ഷനായപ്പോൾ
ഇരവിലൊക്കെപ്പണികൾ നോക്കി വിഫലരായി വിവശരായി
മരുവുമവരോടരുളി വീശുവാൻ
വീശിനാരേശി വലയിൽ വളരെ വലിയ മത്സ്യങ്ങൾ

7 എളിയശിഷ്യർക്കമലനാത്മാവെ നൽകുവാൻ സ്വർഗ്ഗ-
സ്ഥലപിതാവിൻ വലമമർന്നോനേ!
പുഴുവതാമീയടിയനു നിൻ കഴലിണത്താരഭയമേകി
കരളലിഞ്ഞു കൃപയിൽ നടത്തി നീ വരുന്നേരം
കനകലോകം ചേർത്തുകൊള്ളുക- J.J